"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് ശ്രീ സതീഷ് കുമാർ ബി യുടെ മാതാവിന്റെ ചികിത്സയ്ക്ക് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്റർ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.724/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. 11.07.2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ
2. 28.12.2017 ലെ GO(P)No.83/2017/H&FWD
3. ശ്രീ. സതീഷ് കുമാർ ബി യുടെ 13.11.2019 ലെ അപേക്ഷയും ബില്ലുകളും
4. മൂന്നാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23/09/2020 ലെ IX(6) നമ്പർ തീരുമാനം
5. ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ 16.02.2022 ലെ ഡി4-1813/2022നം. കത്ത്
6. പഞ്ചായത്ത് ഡയറക്ടറുടെ 11.05.2022 ലെ PAN/413/2021-F2(DP) നമ്പർ കത്ത്

ഉത്തരവ്

ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമ പഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് ശ്രീ സതീഷ് കുമാർ ബി യുടെ മാതാവിന്റെ ചികിത്സയ്ക്ക് എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്റർ ആശുപത്രിയിൽ ചെലവായ 89,055/- രൂപ പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർശം (5)-ലെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ അപേക്ഷകന് ചികിൽസായിനത്തിൽ ചെലവായ തുകയിൽ 24,043/- രൂപയുടെ 80% ശതമാനം ആയ 19,234/- രൂപ (പത്തൊൻപതിനായിത്തി ഇരുന്നൂറ്റി മുപ്പത്തി നാല് രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം മൂന്നാർ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്ത് ആഫീസിലെ അക്കൗണ്ടന്റ് ശ്രീ സതീഷ് കുമാർ ബി യുടെ മാതാവിന്റെ ചികിത്സയ്ക്ക് 20.08.2019 മുതൽ 30.08.2019 വരെ എറണാകുളം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് റിസർച്ച് സെന്റർ ആശുപത്രിയിൽ ചെലവായ തുകയിൽ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ചിട്ടുള്ള 24,043/- രൂപയുടെ 80% ശതമാനം ആയ 19,234/- രൂപ (പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി മുപ്പത്തി നാല് രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960-ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, മൂന്നാർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം)

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ഇടുക്കി (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

സെക്രട്ടറി, മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ. സതീഷ് കുമാർ ബ , അക്കൗണ്ടന്റ്, മൂന്നാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ജനറൽ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(EPA3/23/2021-LSGD)

ഉത്തരവിൻ പ്രകാരം

Danji M

സെക്ഷൻ ഓഫീസർ